**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4173** **28-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിരക്കിന്മേൽ യാതൊരു നിർണയാധികാരങ്ങളും സംസ്ഥാനങ്ങൾക്ക് ഇല്ലാത്തതിനാലും കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം കണക്കിലെടുത്തും സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായുള്ള നഷ്ടപരിഹാരം 2022 ജൂൺ മാസത്തിന് ശേഷവും തുടരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? | (എ) | 2021 സെപ്റ്റംബർ മാസം ചേർന്ന ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി നഷ്ടപരിഹാരം നീട്ടേണ്ടതിന്റെ ആവശ്യകത ഉന്നയിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷ കാലയളവിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ